പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1535

13.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വാമനപുരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തെല്ലാം; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് പുതിയതായി ആരംഭിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br>എ) കർഷക പെൻഷൻ<br>ബി) കർഷക രജിസ്ട്രേഷൻ<br>സി) പച്ചക്കറി കൃഷി<br>ഡി) ഹൈടെക് ഫാമിംഗ്<br>ഇ) കുറിയ ഇനം തെങ്ങിൻതൈകൾ ഉൽപാദിപ്പിക്കുന്നതിനുള്ള വിത്ത് തേങ്ങ സംഭരണം.<br>പഞ്ചായത്തുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വാമനപുരം മണ്ഡലത്തിൽ നിലവിൽ ഏതെങ്കിലും പദ്ധതികൾ നടക്കുന്നുണ്ടോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) ഉണ്ട്. പദ്ധതികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br>1) സുസ്ഥിര നെൽകൃഷി- 66 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നു. ഒന്നാം വിളയ്ക്കായി 97,500/- രൂപ കർഷകർക്ക് നൽകുന്നതാണ്. ആർ.കെ.വി.വൈ.പദ്ധതിയിൽ ഉൾപ്പെടുത്തി ഈ കർഷകർക്ക് 1,95,000/- രൂപ കൂടി ലഭ്യമാക്കുന്നതാണ്.<br>പാടശേഖരങ്ങളുടെ കൂട്ടുകൃഷി വ്യവസ്ഥയിൽ സജീവമാക്കുന്നതിന് 65 ഹെക്ടറിന് 13,000/- രൂപയും അധികമായി ലഭ്യമാക്കും.<br>2) കുരുമുളക് കൃഷി വികസനം- 18 ഹെക്ടർ പ്രദേശത്ത് കുരുമുളക് കൃഷി വ്യാപന പദ്ധതിയും, 6 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണവും നടത്തി വരുന്നു.<br>3) നാളികേര കൃഷി- കുറിയ ഇനം തെങ്ങിൽ നിന്നും വിത്ത് തേങ്ങ സംഭരിക്കുന്നതിന് തേങ്ങ ഒന്നിന് 28/- രൂപ പ്രകാരം കർഷകന് വില നൽകി |

പദ്ധതി നടപ്പിലാക്കുന്നു.

4) കാർഷിക കർമ്മസേന- കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിന് സഹായമായി വാമനപുരം, പെരിങ്ങമല, പനവൂർ എന്നീ പഞ്ചായത്തുകളിൽ മൂന്ന് കാർഷിക കർമ്മസേനയും, യന്ത്രസാമഗ്രികളും അനുവദിച്ചിട്ടുണ്ട്. ഇതിനായി 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5) ദേശീയ ബയോഗ്യാസ് പദ്ധതി- ഒരു പ്ലാന്റിന് 8,000/- രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കുന്നു.

6) ആത്മ പദ്ധതി- പ്രസ്തുത പദ്ധതി പ്രകാരം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്.

7) മണ്ണ് പരിശോധന- കൃഷിയിടങ്ങളിലെ മണ്ണ് ശാസ്ത്രീയമായി ശേഖരിച്ച് പരിശോധിച്ച് ഫലം യഥാസമയം കർഷകർക്ക് എത്തിക്കുന്നുണ്ട്.

8) വിള ഇൻഷ്വറൻസ് പദ്ധതി- പദ്ധതി പ്രകാരം കർഷകരുടെ വിളകൾ നാമമാത്രമായ പ്രീമിയം സ്വീകരിച്ച് ഇൻഷ്വർ ചെയ്തുവരുന്നു.

9) പച്ചക്കറി വികസന പദ്ധതി- നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും അവരുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് വിത്തുകൾ നൽകുന്നുണ്ട്.

10) എസ്.എച്ച്.എം.പദ്ധതികൾ- വാഴ, പച്ചക്കറി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഹൈ-ടെക് കൃഷി, യന്ത്രവൽക്കരണം, ജലസേചനം എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു.

11) സംയോജിത പുരയിടകൃഷി പദ്ധതി- ഈ പദ്ധതി പ്രകാരം 12 കർഷകർക്ക് 95,000/- രൂപ ധനസഹായമായി നൽകുന്നു.

12) പ്രകൃതിക്ഷോഭ ദുരിതാശ്വാസം- 2014 ഏപ്രിൽ-മേയ് മാസങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ വിളനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| **(സി)** പുതിയ പദ്ധതികൾ ഏതെങ്കിലും ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയുടെ വിശദവിവരം അറിയിക്കുമോ? | **(സി)** ഉണ്ട്.<br>കോട്ടക്കുന്നം ഏലായിൽ നെൽകൃഷി വ്യാപനത്തിനു വേണ്ടി 15.00 ലക്ഷം രൂപ ചെലവിൽ ഒരു പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>HADA പദ്ധതി പ്രകാരം പച്ചക്കറി, ഫലവർഗ്ഗ കൃഷി വികസനത്തിനും, വിപണന സൗകര്യത്തിനും വേണ്ടിയുള്ള പദ്ധതി രൂപീകരണ ഘട്ടത്തിലാണ്. |

സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം ഒരേക്കറിന് 10,000/- രൂപ ധനസഹായത്തോട് കൂടി ആകെ 50 കർഷകർക്ക് 3.75 ലക്ഷം രൂപ നൽകുന്നുണ്ട്.

ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ഉണ്ട്.

തെങ്ങുകൃഷി വികസന പദ്ധതി പ്രകാരം എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 2,50,000/- രൂപയും, ബി ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 1,25,000/- രൂപയും ധനസഹായം നൽകുന്നു.

പച്ചക്കറി വികസന പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് പച്ചക്കറി വിത്ത് വിതരണം, സ്കൂൾ പച്ചക്കറിത്തോട്ടം, പ്രോജക്റ്റ് ബേയ്സ്ഡ് പച്ചക്കറി കൃഷി (തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ 50 സെന്റിൽ കുറയാതെ), പോളിഹൗസ് പച്ചക്കറി കൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നുണ്ട്.

ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം പ്ലാന്റ് ഹെൽത്ത് ക്ലിനിക് ആരംഭിക്കുന്നതാണ്. നെല്ല്, തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറി എന്നീ വിളകളുടെ പ്ലോട്ടുകൾ തെരഞ്ഞെടുത്ത് കീട-രോഗ സർവെയ്ലൻസ് നടത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| പഞ്ചായത്തിന്റെ പേര് | പദ്ധതിയുടെ പേരും അനുവദിച്ച തുകയും (ലക്ഷത്തിൽ) | | | | | |
|---|---|---|---|---|---|---|
| | കർഷക പെൻഷൻ | | പച്ചക്കറി കൃഷി | ഹൈടെക് ഫാമിംഗ് | വിത്തു തേങ്ങ സംഭരണം | കർഷക രജിസ്ട്രേഷൻ |
| | എണ്ണം | തുക | തുക | തുക | എണ്ണം | എണ്ണം |
| കല്ലറ | 28 | 77.043 | 17.05 | - | - | 2002 |
| നന്ദിയോട് | 60 | | 2.45 | - | - | 1552 |
| നെല്ലനാട് | 118 | | 3.35 | 4.675 | - | 860 |
| പാങ്ങോട് | 53 | | 2.40 | - | - | 1454 |
| പെരിങ്ങമല | 100 | | 1.65 | - | - | 1124 |
| പുല്ലമ്പാറ | 128 | | 4.44 | - | - | 1778 |
| വാമനപുരം | 114 | | 1.25 | - | - | 1177 |
| പനവൂർ | 150 | | 1.70 | 2.72 | 29 | 1340 |
| ആനാട് | 61 | | 1.50 | - | 73 | 1321 |
| ആകെ | 812 | | 35.79 | 7.395 | 102 | 12608 |

സെക്ഷൻ ഓഫീസർ